(5)

**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി സെൽ-ബി) വകുപ്പ്**

സർക്കുലർ നം. 07/2020/ധന. തീയതി , :തിരുവനന്തപുരം, 23.01.2020

**സർക്കുലർ**

വിഷയം-ധനകാര്യ വകുപ്പ്- സർക്കാർ ജീവനക്കാർ / സർവ്വീസ് പെൻഷണർമാർ/ കുടുംബ പെൻഷണർമാർ എന്നിവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത്- തിരികെ അടക്കുന്നതിനുള്ള തുടർ നടപടി നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

സൂചന- 1. സ.ഉ.(എം.എസ്) നം. 241/18/ധന. തീയതി 06/07/2018.
2. സ.ഉ.(സാധാ) നം. 419/2020/ധന. തീയതി 16/01/2020.

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വ്യക്തികൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്ക് സർക്കാർ നൽകുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ, സർക്കാർ/അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ/ സർവ്വീസ് പെൻഷണർമാർ/ കുടുംബ പെൻഷണർമാർ എന്നിവർ അനർഹമായി കൈപ്പറ്റുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഗുരുതരമായ അച്ചടക്ക ലംഘനമായതിനാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു. 2000/- രൂപയിൽ താഴെ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ ലഭിയ്ക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുള്ളതിനാൽ അവർക്ക് ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ ബാധകമല്ല.

1. സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ഉദ്യോഗസ്ഥർ/ സർവ്വീസ് പെൻഷണർമാർ/ കുടുംബ പെൻഷണർമാർ എന്നിവർ അക്കാര്യം അടിയന്തരമായി പ്രാദേശിക സർക്കാരിൽ അറിയിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ്. ഈ അവസരത്തിൽ ഇത്തരക്കാർ കൈപ്പറ്റിയ തുക സ്വമേധയാ തിരിച്ചടച്ചിട്ടുള്ള പക്ഷം സേവനയിൽ ഇതിലേക്ക് ക്രമീകരിച്ചിട്ടുള്ള കോളത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
2. സർക്കാർ ജീവനക്കാർ/ സർവ്വീസ് പെൻഷണർമാർ എന്നിവർ സർക്കാർ ജോലി ലഭിച്ച മാസം/ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിത്തുടങ്ങിയ മാസം ഏതാണോ അന്തിമമായി വരുന്നത് ആ മാസം മുതൽ അവർ അനർഹമായി കൈപ്പറ്റിയിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരിച്ചടയ്ക്കേണ്ടതാണ്.
3. കുടുംബ പെൻഷൻ ലഭിയ്ക്കുന്ന വ്യക്തികൾ അവർക്ക് കുടുബ പെൻഷൻ ലഭിച്ചു തുടങ്ങിയ മാസം മുതൽ അനർഹമായി കൈപ്പററിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരിച്ചടയ്ക്കേണ്ടതാണ്.
4. നിലവിൽ സർക്കാർ സർവ്വീസിലുള്ളവർ, അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക സ്വമേധയാ തിരിച്ചടയ്ക്കാത്ത പക്ഷം അവർ തിരിച്ചടയ്ക്കേണ്ടുന്ന തുക സംബന്ധിച്ച വിവരം ബന്ധപ്പെട്ട വകുപ്പ് തലവൻമാരെ അറിയിക്കേണ്ടതും, വകുപ്പ് തലവൻമാർ പ്രസ്തുത തുക സ്പാർക്ക് മുഖാന്തിരം ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ ബന്ധപ്പെട്ട ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറെ ചുമതലപ്പെടുത്തേണ്ടതുമാണ്.
5. സർവ്വീസ് പെൻഷണർമാർ/ കുടുബ പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക സ്വമേധയാ തിരിച്ചടയ്ക്കാത്ത പക്ഷം അവർ തിരിച്ചടയ്ക്കേണ്ടുന്ന

തുക, അവർക്കനുവദിയ്ക്കുന്ന/ അനുവദിച്ചിരിക്കുന്ന സർവ്വീസ് പെൻഷൻ/ കുടുംബ പെൻഷൻ തുകയിൽ നിന്നും കുറവുചെയ്ത് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ ട്രഷറി ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

6. സർക്കാർ ഉദ്യോഗസ്ഥർ/ സർവ്വീസ് പെൻഷണർമാർ/ കുടുംബ പെൻഷണർമാർ എന്നിവർ അനർഹമായി കൈപ്പറ്റി വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ തുക അത്തരക്കാരിൽ നിന്നും തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതും, തിരിച്ചടച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ ധനകാര്യ (എസ്.എഫ്.സി.-ബി) വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

7. സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റി വരുന്ന സർക്കാർ ഉദ്യോഗസ്ഥർ/ സർവ്വീസ് പെൻഷണർമാർ/ കുടുംബ പെൻഷണർമാർ എന്നിവർ കൈപ്പറ്റിയ തുക മുകളിൽ സൂചിപ്പിച്ചിട്ടുള്ള അക്കൗണ്ടിൽ സ്വമേധയാ തിരിച്ചടച്ചിട്ടുള്ള പക്ഷം, പ്രസ്തുത തുക സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ക്രോഡീകരിച്ച് സർക്കാരിൽ ലഭ്യമാക്കാൻ നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

8. ഇതിലേക്ക് ആവശ്യമായ ക്രമീകരണങ്ങൾ സേവനയിലും സ്പാർക്കിലും വരുത്തേണ്ടതാണ്.

9. എല്ലാ വകുപ്പ് തലവൻമാരും യൂണിവേഴ്സിറ്റികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ തലവൻമാരും, മറ്റ് സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ തലവൻമാരും തങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നവർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച അറിയിപ്പ് ജീവനക്കാർക്ക് നൽകേണ്ടതുമാണ്.

10. സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും വാങ്ങുന്നതായി ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ പെൻഷൻ തുകതിരിച്ചു പിടിക്കുന്നതിനോടൊപ്പം വകുപ്പുതല അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്.

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള തിരുവനന്തപുരം.
4. എല്ലാ വകുപ്പുകൾക്കും, വകുപ്പുതലവൻമാർക്കും.
5. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ചീഫ് എക്സിക്യൂട്ടീവുമാർക്ക്
6. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയാ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്

8\. ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (നം. 1144940/എസ്.എഫ്.സി.ബി2/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കീഴെഴുത്ത് നം ADFW/574/2020-OM 1 തീയതി 30/07/2020**

സർക്കാർ സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം എല്ലാ കീഴ് ഓഫീസുകളുടെയും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

കാർഷിക വികസന കർഷകക്ഷേമവകുപ്പ്
ഡയറക്ടർക്കു വേണ്ടി

*JUNIOR SUPERINTENDENT*
*Directorate of Agriculture*
*Development and Farmers*
*Welfare Department*
*Vikas Bhavan, Tvm - 33*

1)എല്ലാ പ്രിൻസിപ്പൾ കൃഷി ഓഫീസർമാർക്കും.
2)ഈ ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും.

2020/8/5 12:
Scanned by CamScanner